# കേരള സർവകലാശാല

നം.പി.ആർ.30/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2020 ഫെബ്രുവരി 18 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി മേഴ്സിചാൻസ് (2004 സ്കീം), ഫെബ്രുവരി 20 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ (2013 സ്കീം) എന്നീ പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### തീയതി നീട്ടി

2020 ജനുവരി 25 ൽ പ്രസിദ്ധീകരിച്ച ഏഴാം സെമസ്റ്റർ ബി.ടെക് ജൂലൈ 2019, 2013 സ്കീം ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, ബയോടെക്നോളജി ആന്റ് ബയോകെമിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എന്നീ ബ്രാഞ്ചുകളുടെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി 2020 ഫെബ്രുവരി 15 വരെ നീട്ടിയിരിക്കുന്നു.

### പരീക്ഷാഫലം

2019 ആഗസ്റ്റിൽ നടത്തിയ മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 17 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### മൂല്യനിർണ്ണയ ക്യാമ്പ് – ക്ലാസ് റദ്ദ്ചെയ്തു

2019 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം കരിയർ റിലേറ്റഡ് പരീക്ഷകളുടെ മൂല്യനിർണ്ണയം ആരംഭിക്കുന്നതിനാൽ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിലെ സി.ബി.സി.എസ്.എസ് കോഴ്സിന്റെ റെഗുലർ ക്ലാസുകൾ 2020 ഫെബ്രുവരി 14 നും കരിയർ റിലേറ്റഡ് (സിആർ) കോഴ്സിന്റെ റെഗുലർ ക്ലാസുകൾ 2020 ഫെബ്രുവരി 15 നും റദ്ദ് ചെയ്യുന്നതാണ്.

റെഗുലർ ക്ലാസുകൾ റദ്ദ് ചെയ്ത ദിവസങ്ങളിൽ സർവകലാശാല പരീക്ഷകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല. മൂല്യനിർണ്ണയ ചുമതലയുള്ള എല്ലാ അദ്ധ്യാപകരും അറിയിപ്പ് ലഭിച്ച പ്രകാരമുള്ള ക്യാമ്പുകളിൽ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

<u>സാമ്പത്തിക സഹായം – അപേക്ഷ ക്ഷണിക്കുന്നു</u>

ഇന്ത്യക്ക് പുറത്തുനടക്കുന്ന അന്താരാഷ്ട്ര സെമിനാറുകൾ/കോൺഫറൻസുകൾ/സിമ്പോസിയങ്ങൾ എന്നിവയിൽ പങ്കെടുക്കുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുള്ള സർവകലാശാല പഠന വിഭാഗങ്ങളിലെ ഗവേഷക വിദ്യാർത്ഥികളിൽ നിന്നും സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2020 ഫെബ്രുവരി 15. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിലും റിസർച്ച് പോർട്ടലിലും ലഭ്യമാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
07.02.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098